(എഫ്) കേരളാ വാട്ടർ അതോറിറ്റിയുടെ ഏതെങ്കിലും പദ്ധതികൾ സഹകാര്യ സ്ഥാപനങ്ങളെ ഏൽപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ നിന്നും വാട്ടർ അതോറിറ്റി പിൻവാങ്ങിയിട്ടില്ല.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും റേറ്റ് കോൺട്രാക്ട് വ്യവസ്ഥയിലാണ് അറ്റകുറ്റപ്പണികൾ നടത്തിവരുന്നത്. എന്നാൽ ചില സ്ഥലങ്ങളിൽ ഈ വ്യവസ്ഥയിൽ കരാർ ഏറ്റെടുത്തവർ സമയബന്ധിതമായി പണി തീർക്കാതെ വരുന്ന സാഹചര്യത്തിൽ എച്ച്. ആർ. (Hand Receipt) വ്യവസ്ഥയിൽ പണി ചെയ്യിക്കാറുണ്ട്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് അക്കൗണ്ടബിലിറ്റി ഇല്ലാതെ വരികയും അതുമൂലം അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുകയും ചെയ്യാറുണ്ട്. ഇങ്ങനെ വരുന്ന സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കാനാണ് പരീക്ഷണാർത്ഥം പുതിയ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നടപ്പിലാക്കാൻ 14-1-2004-ലെ കെ. ഡബ്ലിയു. എ./ജെ. ബി./ഇ1/ 5838/2002 പ്രകാരം വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചത്.

(ഇ) നിലവിലുള്ള ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (റേറ്റ് കോൺട്രാക്ട്) ലേബർ ചാർജ്ജ് മാത്രം അടങ്ങിയതാണ്. എന്നാൽ മെറ്റീരിയൽസ് അടക്കം പണി ചെയ്യുന്നതാണ് നിർദ്ദിഷ്ട ആനുവൽ മെയിന്റനൻസ് കോൺട്രാക്ട്.

(എഫ്) തീരുമാനിച്ചിട്ടില്ല.

മൈനർ ഇറിഗേഷന്റെ പ്രവർത്തനം

58 [3920] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും 10 ലക്ഷത്തിന്റെ മൈനർ ഇറിഗേഷൻ പ്രവർത്തികൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കൂടിയാലോചനായോഗം നടന്നിട്ടുണ്ടോ;

GPM. 2/257/2012.—14

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സാമ്പത്തിക ലഭ്യതയനുസരിച്ച് മൈനർ ഇറിഗേഷൻ പ്രവർത്തികൾ പലപ്രദമായി പ്രവർത്തിക്കുവാൻ ആവശ്യമായി വരുന്ന പദ്ധതികൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) & (സി) ഈ കാര്യത്തിനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കൂടിയാലോചനായോഗം നടന്നിട്ടില്ല.

ആരാധനാലയങ്ങളിൽ നിന്ന് ഈടാക്കുന്ന വെള്ളക്കരം ഡൊമസ്റ്റിക് ചാർജ് ആക്കുവാൻ നടപടി

59 [3921] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ നിന്നും ഈടാക്കുന്ന വെള്ളക്കരം ഡൊമസ്റ്റിക്/നോൺ-ഡൊമസ്റ്റിക് എന്നിവയിൽ ഏതടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) മൊത്തം വരവിനേക്കാൾ കൂടുതൽ വെള്ളക്കരം അടയ്ക്കേണ്ടി വരുന്നതുകൊണ്ട് പല ആരാധനാലയങ്ങൾക്കും ധാരാളം കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പത്ത് സെന്റിനകത്ത് സ്ഥലമുള്ള ആരാധനാലയങ്ങളെ ഗാർഹിക വിഭാഗത്തിൽ ഉൾപ്പെടുത്തി ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നോൺ-ഡൊമസ്റ്റിക് അടിസ്ഥാനത്തിലാണ്.

(ബി) ആരാധനാലയങ്ങൾ വെള്ളക്കരം കുടിശ്ശിക വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആരാധനാലയങ്ങളെ ഗാർഹിക ഉപഭോക്തൃ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ നിലവിൽ നിയമം ഇല്ല.

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകൾ

60 [3922] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിക്ക് വേണ്ടി കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് സ്ഥലം നിശ്ചയിക്കുന്നതിന് സർവ്വേ നടത്തിയിരുന്നതെന്നു അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly